# ഓണം
# കേരളീയരുടെ ദേശീയോത്സവം

ജാതിമതവ്യത്യാസമില്ലാതെ കേരളത്തിലെ എല്ലാ വിഭാഗം ജനങ്ങളും ഒരുപോലെ കൊണ്ടാടുന്നതും ഐതിഹ്യങ്ങളിൽ പടുത്തുയർത്തിയിരിക്കുന്നതുമായ, കേരളീയരുടെ ദേശീയോത്സവമാണ് ഓണം. ഓണത്തെപറ്റി നിരവധി ഐതിഹ്യങ്ങൾ കേരളത്തിൽ നിലനില്ക്കുന്നുണ്ട്.

ഓണം തീർച്ചയായും രാജവാഴ്ചക്കാലവുമായി ബന്ധപ്പെട്ടുകിടക്കുന്ന ഐതിഹ്യമാണ്. മഹാബലിയുടെ കീഴിൽ ജനങ്ങൾ അനുഭവിച്ചിരുന്ന സമൃദ്ധവും സന്തോഷനിർഭരവുമായ ജീവിതത്തെ സ്വപ്നംകാണാനും പുനഃസൃഷ്ടിക്കുവാനുമുള്ള ശ്രമമാണ് ഓണനാളുകളിലൂടെ ഇന്നും സാക്ഷാൽക്കരിക്കുവാനൊരുങ്ങുന്നത് എന്ന് കരുതാം.

കേരളത്തിലെ കൃഷിയും അതിലൂടെ ഉണ്ടായിക്കൊണ്ടിരുന്ന സമൃദ്ധിയും ഇന്നലെകളുടെ കാർഷികചരിത്രമാണ്. ഒരുകാലത്ത് കൃഷിയെ മാത്രം ആശ്രയിച്ചുള്ള കേരളീയ ജീവിതത്തിന്റെ നിലനില്പിനെകൂടി സ്മരിക്കുവാനും കാർഷികവിളകളുടെ പ്രസക്തിയും പ്രാധാന്യവും ജനങ്ങളെ ബോദ്ധ്യപ്പെടുത്തുവാനുമുള്ള ഒരു അവസരം കൂടിയാണ് ഓണം.

കേരളവും കേരളീയജീവിതവും ആധുനികവല്ക്കരിക്കപ്പെടുകയും വിദേശ സംസ്ക്കാരത്തിനും വിദ്യാഭ്യാസരീതികൾക്കും സമൂഹത്തിൽ പ്രഥമസ്ഥാനം കല്പിക്കുകയും ചെയ്തതോടെ നമ്മുടെ പുതുതലമുറയ്ക്ക് ഓണത്തേയും അതിന്റെ മധുരോദാരമായ ലക്ഷ്യത്തേയും കുറിച്ചുള്ള അവബോധം നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. സാഹോദര്യത്തിന്റെയും പരസ്പരമുള്ള കൊടുക്കൽവാങ്ങലുകളുടേയും അതിലൂടെ പുനഃസ്ഥാപിക്കപ്പെടുന്ന മനുഷ്യബന്ധങ്ങളുടേയും പ്രസക്തി ഓണം വിളംബരം ചെയ്യുന്നുണ്ടെന്ന് പറയാം.

സാഹോദര്യം, സമത്വം, ഐശ്വര്യം, എളിമ എന്നിവയിലൂടെ അദ്ധ്വാനത്തിന്റെയും അതിലൂടെ നേടുന്ന ഐശ്വര്യങ്ങളുടേയും വെളിപ്പെടുത്തൽ കൂടിയാണ് ഓണം എന്ന സത്യം പുതിയ തലമുറ അറിയേണ്ടതുണ്ട്.

ഓണത്തിന്റെ പഴയകാല ആചാരാനുഷ്ഠാനങ്ങളും വിശ്വാസപ്രമാണങ്ങളും കേരളത്തിലെ പരിഷ്കൃതജനവിഭാഗത്തിന് കൈമോശം വന്നുകൊണ്ടിരിക്കുന്നു. ഓണനാളുകളുടേയും അതിന്റെ ആചാരവിശ്വാസങ്ങളുടേയും പ്രസക്തിയും പ്രാധാന്യവും വരുംതലമുറയ്ക്ക് കാട്ടിക്കൊടുക്കുവാൻ കഴിയുന്നില്ലെങ്കിൽ, മലനാടിന്റെ ഈ ദേശീയോത്സവം വെറുമൊരോർമ്മയാകുന്ന കാലം അതിവിദൂരമല്ല.

ഓണത്തെ അതിന്റെ എല്ലാ പൈതൃക പാരമ്പര്യങ്ങളോടും കാത്തുസൂക്ഷിക്കേണ്ടതും നിലനിറുത്തേണ്ടതും ഓരോമലയാളിയുടേയും കർത്തവ്യമാണ്. ഇന്ന് വിദേശമലയാളികൾപോലും ഓണം അതിവിപുലമായി ആഘോഷിക്കാറുണ്ട്. അത് നല്ലതുതന്നെ. മലയാളിക്ക് വർഷാവർഷം ആഘോഷിക്കുവാനും ആത്മാഭിമാനത്തോടെ വിളിച്ചു പറയുവാനും ഓണമെന്ന ഒരേയൊരു ദേശീയ ആഘോഷം മാത്രമാണുള്ളതെന്ന കാര്യം നാം മറന്നു പോകരുത്.